LIBRARY ARCHIVES Kerala Legislative Assembly

ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി

166 (3915) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിലെ പെരുവന്താനം വില്ലേജിലെ ചുഴിപ്പ് പ്രദേശത്ത് 4-8-1994-ൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ ഭൂമി നഷ്ടപ്പെട്ട 23 കുടുംബങ്ങൾക്ക് ജി.ഒ. (ആർ‌റ്റി.)196/98/RD, 6-1-1998 പ്രകാരം പകരം ഭൂമി നല്കുവാനുള്ള സർക്കാർ ഉത്തരവു പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആയതുപ്രകാരം എത്ര കുടുംബങ്ങൾക്ക് പകരം ഭൂമി നല്കി ;

(സി) ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി എത്ര സമയത്തിനുള്ളിൽ നല്കുവാൻ കഴിയും ;

(ഡി) ഉത്തരവ് പ്രകാരം ഭൂമി നല്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) പീരുമേട് താലൂക്കിൽ പെരുവന്താനം വില്ലേജിൽ ഉരുൾപ്പൊട്ടലിൽ ഭൂമി നഷ്ടപ്പെട്ട 23 കുടുംബങ്ങൾക്ക് നഷ്ടപ്പെട്ട ഭൂമിയ്ക്ക് പകരമായി വാഗമൺ വില്ലേജിൽ സർവ്വേ 731-ൽപ്പെട്ട സർക്കാർ ഭൂമിയിൽ ഒരേക്കർ വീതം നൽകുവാൻ സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഭൂമി അളന്ന് തിരിച്ച് ഓരോ പ്ലോട്ടിലെയും ഗുണഭോക്താക്കളെ നറുക്കിട്ട് നിശ്ചയിച്ചിട്ടുള്ളതായി ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി വനംവകുപ്പിന്റെ അധീനതയിലുള്ള സ്ഥലമാണെന്നും പ്ലോട്ടുകളായി വിതരണം ചെയ്യുന്ന നടപടി നിർത്തി വയ്ക്കണമെന്നും എരുമേലി ഫോറസ്റ്റ് റേഞ്ച് ഓഫീസർ അറിയിച്ചതിനെതുടർന്ന് ഭൂമി നൽകുന്ന നടപടി നിർത്തിവച്ചിട്ടുള്ളതാണെന്നും വാഗമൺ വില്ലേജിൽ സർവ്വേ 731-ൽപ്പെട്ടതും 23 പേർക്ക് വിതരണം ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കുന്നതുമായ സ്ഥലം ഇപ്പോൾ വനം വകുപ്പിന്റെ കൈവശമായതിനാൽ പ്രസ്തുത സ്ഥലം ഇപ്പോൾ വിതരണം ചെയ്യുവാൻ സാധിക്കുകയില്ല എന്നും, ഭൂമി വനം വകുപ്പിൽ നിന്നും തിരികെ ലഭിച്ചാൽ മാത്രമേ ടി 23 കുടുംബങ്ങൾക്ക് നൽകുവാൻ സാധിക്കുകയുള്ളൂ എന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ

167 (3916) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ-ഭൂരേഖ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II-ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) 2015 മേയ് വരെ പ്രസ്തുത തസ്തികയിലുള്ള റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണ് ; 2015 മേയ് വരെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I-ന്റെ റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണ് ;

(സി) ബൈ പ്രൊമോഷൻ വഴി ഒഴിവുകൾ നികത്തുന്നതിന് മതിയായ, അർഹരായ അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) 68 ഒഴിവുകൾ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിൽ നിലവിലുണ്ട്. ടി ഒഴിവുകളുടെ 75% നേരിട്ടുള്ള നിയമനം വഴി നികത്തുവാനായി സ്പെഷ്യൽ റൂൾ അനുശാസിക്കുന്നു. ആയതിൻ പ്രകാരം 44 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 6 ഒഴിവുകൾ PH 'Deaf' കാറ്റഗറിയിൽ നിയമനം നടത്തുവാനായി നീക്കിവച്ചിട്ടുണ്ട്. ഒരൊഴിവ് മുസ്ലീം എൻ.ജെ.ഡി. ഒഴിവിലേക്കായി നീക്കി വച്ചിട്ടുണ്ട്.

(ബി) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I എന്നീ തസ്തികകളിൽ റിട്ടയർമെന്റ് ഒഴിവില്ല.

(സി) സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന പ്രകാരം ഒഴിവുകളുടെ 75% നേരിട്ടുള്ള നിയമനം വഴി നടത്തുന്നതിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാരായ കുടിയാൻമാരുടെ അവകാശ സംരക്ഷണത്തിനായി നിയമനിർമ്മാണം

168 (3917) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരായ കുടിയാൻമാരുടെ അവകാശ സംരക്ഷണം ലക്ഷ്യമിട്ട ദി കേരള ലാൻറ് റിഫോംസ് (അമെൻറ്മെൻറ്) ബിൽ, 1994-ന് മേൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) കാരായ കുടിയാൻമാർക്ക് ഭൂമിയുടെ മേലുള്ള അവകാശവും മറ്റും സംരക്ഷിക്കുന്നതിന് പ്രത്യേക നിയമ നിർമ്മാണത്തിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ദി കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ 1994 എന്ന പേരിൽ ബിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.

കാരായ കുടിയാന്മാരെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നത് 1969-ൽ നടപ്പാക്കിയ 35-ാം നിയമഭേദഗതിയിലൂടെയാണ്.

LIBRARY ARCHIVES Kerala Legislative Assembly